പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 443 06.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യെ നിലനിർത്തുന്നതിന് നടപടി

ചോദ്യം

ശ്രീ. എം. ചന്ദ്രൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ ഡീസലിന് വില കൂട്ടിയതിന്റെ ഭാഗമായി കെ. എസ്. ആർ. ടി .സി.ക്ക് പ്രതിമാസം ഉണ്ടാകുന്ന അധിക ബാധ്യത എത്ര തുകയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 14 കോടി രൂപ. |
| (ബി) | ഈ ബാധ്യത എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | (ബി) | നിലവിലെ പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി സർക്കാർ 28 കോടി രൂപയുടെ ധനസഹായം കെ.എസ്.ആർ. ടി.സി.ക്ക് രണ്ടു മാസത്തേയ്ക്കായി അനുവദിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പമ്പുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസുകളിൽ ഡീസൽ നിറയ്ക്കുന്നതിലെ പ്രായോഗികത സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ഡീസൽ വില വർദ്ധനവിന് മുൻപ് കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത് ; | (സി) | 5560 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളതിൽ പ്രതിദിനം ശരാശരി 4700 ഷെഡ്യൂളുകൾ വരെ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. മതിയായ യാത്രക്കാരെ ലഭിക്കാത്തതിനാൽ അവധി ദിവസങ്ങളിൽ വരുമാന കുറവുള്ള ഷെഡ്യൂളുകൾ സാധാരണ ഗതിയിൽ റദ്ദാക്കാറുണ്ട്. |
| (ഡി) | വില വർദ്ധനവിനുശേഷം നാളിതു വരെ നഷ്ടത്തിന്റെ പേരിൽ എത്ര ഷെഡ്യൂളുകളാണ് നിർത്തലാക്കിയത് ; | (ഡി) യും | വില വർദ്ധനവിന്റെ പേരിൽ |

| | | | |
|---|---|---|---|
| (ഇ) | ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള യാത്രാക്ലേശം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കുമോ ; | (ഇ) യും (എഫ്) ഉം | ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടില്ല |
| (എഫ്) | സ്വകാര്യ ബസ്സുകൾക്ക് ഇതുമൂലം വൻലാഭം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ജി) | ഒരു സേവനമേഖല എന്ന നിലയ്ക്ക് കോർപ്പറേഷനെ നിലനിർത്തുവാൻ സർക്കാർ അടിയന്തിര സഹായം നൽകുവാൻ തയ്യാറാകുമോ ; വിശദമാക്കുമോ ? | (ജി) | നിലവിലെ പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി സർക്കാർ 28 കോടി രൂപയുടെ ധനസഹായം കെ.എസ്.ആർ.ടി.സിക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ